I ഇ.ബി. XIV - കേരള നിയമസഭ/I-11

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂലൈ 13, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I അടിയന്തരപ്രമേയം

രാഷ്ട്രീയ കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും

മി.സ്പീക്കർ: കണ്ണൂർ ജില്ലയിൽ ഇന്നലെയുണ്ടായ രാഷ്ട്രീയ കൊലപാതകങ്ങളുൾപ്പെടെ കേരളത്തിൽ വർദ്ധിച്ചുവരുന്ന കൊലപാതകങ്ങളും ഗുണ്ടാ ആക്രമണങ്ങളും നിയന്ത്രിക്കുന്നതിന് സർക്കാർ പരാജയപ്പെട്ടതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും അരക്ഷിതാവസ്ഥയും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, റ്റി. എ. അഹമ്മദ് കബീർ, സി.എഫ്. തോമസ്, അനൂപ് ജേക്കബ്

എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കഴിഞ്ഞ മാസം പതിനൊന്നാം തീയതി കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഡി.വൈ.എഫ്.ഐ. വില്ലേജ് സെക്രട്ടറിയായ ധനരാജനെയും മണ്ഡലം കമ്മിറ്റി മെമ്പറായ രാമചന്ദ്രനെയും വെട്ടിക്കൊലപ്പെടുത്തിയ സംഭവങ്ങളിൽ പയ്യന്നൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ജൂൺ മാസം 15-ാം തീയതി കൊല്ലം കളക്ടറേറ്റ് സമുച്ചയത്തിലെ മുൻസിഫ് കോടതിക്ക് സമീപം പാർക്ക് ചെയ്തിരുന്ന ലേബർ ഡിപ്പാർട്ടുമെന്റ് വക ജീപ്പിനുള്ളിൽ ബോംബ് സ്ഫോടനം ഉണ്ടാക്കുകയും സിവിൽ കേസുമായി ബന്ധപ്പെട്ട് കോടതിയിലെത്തിയ സാബുവിന്റെ മുഖത്ത് പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവത്തിൽ കൊല്ലം വെസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ജൂലൈ മാസം 6-ാം തീയതി പോത്തൻകോട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അരിയോട്ടുകോണത്ത് പ്രദേശവാസികൾ തമ്മിൽ സംഘർഷമുണ്ടായതറിഞ്ഞ് എത്തിയ പോലീസിനെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ച സംഘത്തിലെ സുജിത്തിനെ കസ്റ്റഡിയിലെടുക്കുകയും അന്നുതന്നെ ജാമ്യത്തിൽ വിടുകയും ചെയ്തു. ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ പരിധിയിൽ കിഴുവിലം വില്ലേജിൽ താമസിക്കുന്ന ദിലീപ് എന്നയാളെ അവിഹിതബന്ധമാരോപിച്ച് ജൂലൈ 3-ാം തീയതി

മോട്ടോർ സൈക്കിളിൽ എത്തിയ മുരുകൻ എന്നയാൾ വെട്ടി കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിയെ അറസ്റ്റ് ചെയ്ത് സി.ഐ.യുടെ നേതൃത്വത്തിൽ തുടർ അന്വേഷണം നടത്തിവരികയാണ്. ജൂലൈ 6-ാം തീയതി തൃശ്ശൂർ ജില്ലയിലെ ചാവക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട രമേശ് എന്നയാൾ മകനും മകളുമായി ബൈക്കിൽ തറവാട് വീട്ടിലേക്ക് വരുമ്പോൾ പരിഹസിച്ച് കളിയാക്കിയവരുമായി ഉണ്ടായ കയ്യേറ്റത്തെത്തുടർന്ന് കുഴഞ്ഞുവീണ് മരണപ്പെടുകയുണ്ടായി. മരണകാരണം ഹൃദയാഘാതമാണെന്ന് ഡോക്ടർമാർ സ്ഥിരീകരിച്ചിട്ടുണ്ട്. ഈ സംഭവത്തിൽ ബന്ധുവിന്റെ പരാതിപ്രകാരം ചാവക്കാട് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്നേ ദിവസംതന്നെ കോവളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോളിയൂരിൽ മര്യാദാസ്, ഭാര്യ ഷീജ എന്നിവരെ മാരകായുധമുപയോഗിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് മര്യാദാസ് മരണപ്പെട്ട സംഭവത്തിൽ കോവളം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്യുകയും ഫോർട്ട് പോലീസിന്റെ നേതൃത്വത്തിൽ തുടരന്വേഷണം നടത്തിവരികയുമാണ്. ഷീജ ഗുരുതരമായ പരിക്കുകളോടെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ജൂൺ 9-ാം തീയതി ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ ഗവൺമെന്റ് ഹൈസ്കൂളിനെതിർവശത്തുവച്ച് എസ്.എഫ്.ഐ.-എ.ബി.വി.പി. പ്രവർത്തകർ

തമ്മിലുണ്ടായ സംഘർഷത്തിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് ജൂൺ മാസം 11-ാം തീയതി നെല്ലായ പൊറ്റച്ചിറയിൽ സി.പി.ഐ.(എം) പ്രവർത്തകനായ പ്രജിത്തിനെ ബി.ജെ.പി. പ്രവർത്തകർ മർദ്ദിച്ചുപരിക്കേൽപ്പിച്ച സംഭവത്തിൽ ബി.ജെ.പി. പ്രവർത്തകരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജൂൺ മാസം 14-ാം തീയതി പ്രതികളെ ഒറ്റപ്പാലം കോടതിയിൽ ഹാജരാക്കിയപ്പോൾ സമയത്ത് പ്രതികളുടെ ഫോട്ടോ എടുക്കാൻ ശ്രമിച്ച മാധ്യമപ്രവർത്തകരെ ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ ബി.ജെ.പി. പ്രവർത്തകർക്കെതിരെ ഒറ്റപ്പാലം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ജൂലൈ 10-ാം തീയതി കെ.എസ്.ആർ.ടി.സി ഡ്രൈവർ സുരേഷ് ബാബുവിനെ ദേഹോപദ്രവം ഏൽപ്പിച്ച സംഭവത്തിൽ വലിയതുറ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിതശ്രമം നടത്തിവരികയാണ്. 'ഓപ്പറേഷൻ കുബേര'യുടെ പ്രവർത്തനം ശക്തമായി തുടർന്നുകൊണ്ടിരിക്കുകയാണ്. പോലീസ് ഉദ്യോഗസ്ഥരെ അകാരണമായി സ്ഥലം മാറ്റിയിട്ടില്ല. വിരമിച്ച ഒഴിവുകൾ നികത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: കേരളത്തിന്റെ ക്രമസമാധാന നില തകർക്കുന്ന

രീതിയിൽ അക്രമസംഭവങ്ങളും കൊലപാതകങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകങ്ങളിൽ ജനങ്ങൾ ആശങ്കാകുലരാണ്. ക്രമവിരുദ്ധമായ സ്ഥലംമാറ്റം കാരണം പോലീസ് സേനയുടെ മനോവീര്യം തകർന്നിരിക്കുകയാണ്. ആളുകൾ നടുറോഡിൽ ആക്രമിക്കപ്പെടുമ്പോൾ പോലീസ് നിഷ്ക്രിയരായി നോക്കിനിൽക്കുകയാണ്. ഗുണ്ടാവിളയാട്ടങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും സംഘർഷങ്ങളുംമൂലം ക്രമസമാധാനനില തകർന്നിരിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. സി. കൃഷ്ണൻ: പയ്യന്നൂർ ജില്ലയിലെ രാമന്തളി പഞ്ചായത്തിൽ ആയുധമേന്തിവന്ന ഒരു സംഘം ആർ.എസ്.എസ്. പ്രവർത്തകർ ധനരാജൻ, രാമചന്ദ്രൻ എന്നിവരെ അതിദാരുണമായി വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തെ തുടർന്ന് പരിസരപ്രദേശത്തുണ്ടായിട്ടുള്ള അക്രമ സംഭവങ്ങൾ തടയുന്നതിനും കൊലയാളികളെ കണ്ടെത്തി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മാഫിയാ സംഘങ്ങളെ അടിച്ചമർത്തി സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അവർക്ക് അസഹിഷ്ണുതയും അതൃപ്തിയും ഉണ്ടാകുമെന്നത് സ്വാഭാവികമാണ്. അത്തരം ദുഷ്ടശക്തികളുടെ താൽപ്പര്യങ്ങൾ

സമൂഹത്തിൽ പ്രതിഫലിക്കാതിരിക്കാൻ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് കേരളത്തിൽ ക്രമസമാധാനത്തകർച്ച സംഭവിച്ചതെന്ന് വരുത്തിത്തീർക്കാനുള്ള ഗൂഢശ്രമം നടത്തുന്നത് ശരിയല്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രാഷ്ട്രീയ കൊലപാതകങ്ങൾക്കും പോലീസ് അതിക്രമങ്ങൾക്കുമെതിരെ സ്വീകരിച്ച നിലപാടിനെക്കുറിച്ച് പരിശോധിക്കാൻ പ്രതിപക്ഷം തയ്യാറാകണം. ഒറ്റപ്പെട്ട സംഭവങ്ങളെ പൊതുവത്കരിച്ച് തെറ്റിദ്ധരിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബ്ലേഡ് മാഫിയകളേയും ഗുണ്ടകളേയും തകർക്കുന്നതിനായി ആവിഷ്കരിച്ച ഓപ്പറേഷൻ കുബേരയിലൂടെ എത്രപേർ ശിക്ഷിക്കപ്പെട്ടുവെന്നതും ശ്രദ്ധേയമാണ്. സമൂഹത്തിൽ നടക്കുന്ന അക്രമസംഭവങ്ങളും കൊലപാതകങ്ങളും അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ക്രമസമാധാന നില സംരക്ഷിക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കേരളത്തിൽ ചർച്ചാവിഷയമായ പല സംഭവങ്ങളും അന്വേഷിക്കുന്നതിൽ വീഴ്ച വരുത്തിയ ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്നും മാറ്റിയത് ആ കേസുകളുടെ തുടരന്വേഷണത്തിന് ഗുണമായി ഭവിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും ഉത്തരവാദിത്തങ്ങൾ പാലിച്ചുകൊണ്ടുതന്നെ

നാടിന്റെ ക്രമസമാധാനം നിലനിറുത്തുന്നതിനാവശ്യമായ ശ്രമം നടത്തുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

(1) അന്തർ സംസ്ഥാന നദീജല കരാർ

ശ്രീ. കെ. കൃഷ്ണൻകുട്ടി: അന്തർ സംസ്ഥാന നദീജല കരാറുകൾ സമയബന്ധിതമായി പുതുക്കാത്തതുമൂലം സംസ്ഥാനത്തെ ജലസമ്പത്തിന്റെ സിംഹഭാഗവും നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്. പറമ്പിക്കുളം-ആളിയാർ കരാർ 30 വർഷത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതിന്റെ ഫലമായി സംസ്ഥാനത്തിന് വൻതോതിലുള്ള ജലനഷ്ടമാണുണ്ടായിട്ടുള്ളത്. നദീജല കരാറുകളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ തമിഴ്നാട് അനാസ്ഥ

കാണിക്കുകയാണ്. കേരളത്തിനവകാശപ്പെട്ട ജലം തമിഴ്നാട് കൊണ്ടുപോകുന്ന സാഹചര്യത്തിൽ ഈ വിഷയം സംയുക്തമായി ചർച്ച ചെയ്ത് അനുകൂല തീരുമാനമെടുക്കാൻ മുൻകയ്യെടുക്കുന്നതിനും അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച പുനരവലോകന ചർച്ചകൾ 1988-ൽ ആരംഭിച്ചിരുന്നുവെങ്കിലും അധിക ജലലഭ്യത പങ്കുവയ്ക്കുന്ന കാര്യത്തിൽ പരസ്പര ധാരണയുണ്ടായില്ല. പ്രശ്നങ്ങൾ പരിശോധിച്ച് അന്തിമ തീരുമാനമെടുക്കാനായി 2009-ൽ കേരള-തമിഴ്നാട് സർക്കാരുകളുടെ ഉന്നത ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2011-ൽ ചീഫ് സെക്രട്ടറി തലത്തിൽ ചർച്ച നടന്നതല്ലാതെ പുനരവലോകന ചർച്ചകൾ നടന്നിട്ടില്ല. 2013-ൽ നടന്ന കേരള-തമിഴ്നാട് മന്ത്രിതല ചർച്ചയിൽ പി.എ.പി. കരാർ പുനരവലോകന ചർച്ച തുടരാൻ ധാരണയായിട്ടുണ്ട്. 2013 -ൽ കേരള സർക്കാർ സർവ്വകക്ഷി യോഗം വിളിച്ച് ചേർക്കുകയും കരാർ ലംഘനത്തിനെതിരെ നടപടിയെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് അവലോകന ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിനുള്ള ശ്രമമാണ് വേണ്ടത്. കാവേരി നദീജല ട്രിബ്യൂണൽ വിധി

പ്രകാരം കേരളത്തിന് അനുവദിക്കപ്പെട്ട 30 ടി.എം.സി. ജലം 3 പുഴകളിലായി റഗുലേറ്റർ നിർമ്മിച്ച് ഉപയോഗിക്കാനുള്ള നടപടി ആരംഭിക്കുകയും കാവേരി നദീജലത്തിന്റെ അർഹമായ വിഹിതം കിട്ടാൻ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ റിസർവോയറിൽ നിന്നുള്ള വെള്ളം തമിഴ്നാട്ടിലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തുന്നതിനുമുമ്പ് അളന്ന് തിട്ടപ്പെടുത്താനായി ആധുനിക ഡിജിറ്റൽ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തമിഴ്നാടുമായി ചർച്ച ചെയ്ത് ഇതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(2) മയക്കുമരുന്ന് ഉപയോഗവും വ്യാപനവും

ശ്രീ. ഹൈബി ഈഡൻ : മയക്കുമരുന്നിന്റെ ഉപയോഗം സ്കൂളുകളിലും കോളേജുകളിലുമുൾപ്പെടെ സമൂഹത്തിൽ വ്യാപകമാകുകയാണ്. സംസ്ഥാനത്തിന്റെ സുരക്ഷയേയും വികസനത്തേയും ബാധിക്കുന്ന ഒന്നായി മയക്കുമരുന്നിന്റെ ഉപയോഗം മാറിയിരിക്കുകയാണ്. മയക്കുമരുന്ന് ലോബി സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്ന സാഹചര്യത്തിൽ 1985-ലെ എൻ.ഡി.പി.എസ്. ആക്ട് കാലോചിതമായി പരിഷ്കരിക്കണം. സഭ ഐകകണ്ഠ്യേന റസല്യൂഷൻ പാസ്സാക്കി ഇക്കാര്യം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണം. രക്ഷിതാക്കളെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള

ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം വിദ്യാഭ്യാസം, എക്സൈസ്, പോലീസ് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ശക്തമായ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : മയക്കുമരുന്നിന്റെ വിപണനവും വ്യാപനവും തടയുന്നതിനായി ആഭ്യന്തരം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായി പ്രവർത്തിച്ചുവരികയാണ്. ലഹരി വസ്തുക്കൾ വിദ്യാർത്ഥികൾക്കിടയിൽ പ്രചരിക്കുന്നത് തടയുന്നതിനായി എക്സൈസ്-ഗതാഗതം-തദ്ദേശസ്വയംഭരണ വകുപ്പുകൾ, അച്ചടി ദൃശ്യ മാധ്യമങ്ങൾ, അധ്യാപകർ, രക്ഷിതാക്കൾ, വ്യാപാരികൾ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ സംയുക്തമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. സ്കൂൾ- കോളേജുതലത്തിൽ മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് ആന്റി നർക്കോട്ടിക് സ്ക്വാഡ്, സ്പെഷ്യലൈസ്ഡ് ഓപ്പറേഷൻ ഗ്രൂപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്, ജാഗ്രതാ സമിതികൾ എന്നിവ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ജനമൈത്രി പോലീസ് സംവിധാനംവഴി ബോധവത്ക്കരണക്ലാസുകളും ലഹരി വിരുദ്ധ സെമിനാറുകളും നടത്തി വരുന്നുണ്ട്. മയക്കുമരുന്നിന്റെ ഉല്പാദനം, കടത്തൽ, വിതരണം, വിപണനം

എന്നിവ അന്വേഷിക്കുന്നതിനായി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ട് ടീമിന്റെ നേതൃത്വത്തിൽ കേരള ആന്റി നർക്കോട്ടിക് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എൻ.ഡി.പിഎസ്. ആക്ട് പരിഷ്കരിക്കുന്നത് സംബന്ധിച്ച് റെസലൂഷൻ പാസ്സാക്കുന്ന കാര്യം പരിശോധിക്കാം.

III സബ്മിഷൻ

(1) മുങ്ങിമരണം

പ്രതിപക്ഷ നേതാവ് (ശ്രീ.രമേശ് ചെന്നിത്തല): ശക്തികുളങ്ങരയിൽ ബോട്ടുമറിഞ്ഞുണ്ടായ അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് അർഹമായ ധനസഹായവും ആശ്രിതർക്ക് ഫിഷറീസ് വകുപ്പിൽ ജോലിയും നൽകുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): ക്രിസ്റ്റഫർ, ഡാനി എന്നീ മത്സ്യത്തൊഴിലാളികളുടെ അപകടവിവരം അറിഞ്ഞയുടൻതന്നെ കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെന്റും രക്ഷാപ്രവർത്തനം ആരംഭിച്ചുവെങ്കിലും ശക്തമായ കടൽക്ഷോഭംമൂലം രക്ഷാപ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടു. ജില്ലാകളക്ടർ, അസിസ്റ്റന്റ് കമ്മീഷണർ, ചവറ എം.എൽ.എ,, പോലീസ്, മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുമായി നടത്തിയ ചർച്ചയുടെ

അടിസ്ഥാനത്തിൽ അപകടം സംഭവിച്ചവരുടെ കുടുംബത്തിന് എല്ലാവിധ സഹായവും നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. രക്ഷാപ്രവർത്തനം നടത്തുന്നതിൽ കാലവിളംബം ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു മറൈൻ ആംബുലൻസ് വാങ്ങാനും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് ഇനത്തിൽ ഏകദേശം 10 ലക്ഷം രൂപ നൽകാനും തീരുമാനിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് ഇല്ലാത്തതിനാൽ മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് വള്ളത്തിന് നഷ്ടപരിഹാരം നൽകാനും കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാനും നടപടി സ്വീകരിക്കും.

## (2)കൃഷിനാശം

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മലമ്പുഴ നിയോജകമണ്ഡലത്തിലെ വാളയാർ മുതൽ കല്ലടിക്കോട് വരെയുള്ള വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾ നശിപ്പിച്ച കാർഷിക വിളകൾക്കും കൃഷിയിടങ്ങൾക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും ഫെൻസിംഗ്, കിടങ്ങ് തുടങ്ങിയവ സ്ഥാപിച്ച് വന്യമൃഗങ്ങളുടെ ശല്യം ശാശ്വതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മലമ്പുഴ നിയോജകമണ്ഡലത്തിലെ ഒലവക്കോട്, വാളയാർ റേഞ്ചുകളിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി എലിഫന്റ് പ്രൂഫ് ട്രഞ്ച്,

സോളാർ പവർ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒലവക്കോട് ഫോറസ്റ്റ് റേഞ്ചിൽ സോളാർ പവർ ഫെൻസിംഗും ആന പ്രതിരോധ കിടങ്ങുകളും വാളയാർ ഫോറസ്റ്റ് റേഞ്ചിൽ സോളാർ പവർ ഫെൻസിംഗും നിർമ്മിച്ചിട്ടുണ്ട്. ഒലവക്കോട്, മുണ്ടൂർ എന്നിവിടങ്ങളിലായി പ്രവർത്തിച്ചുവരുന്ന ദ്രുതകർമ്മസേനാ സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾക്കായി രണ്ട് വാഹനങ്ങൾ കൂടുതലായി അനുവദിക്കുകയും 11 ജീവനക്കാർ ഉൾപ്പെടുന്ന ദ്രുതകർമ്മ സേന 24 മണിക്കൂറും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി പാലക്കാട് ഡിവിഷനിലെ വനമേഖലയിൽ കൂടുതൽ എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി 15 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്നതിനുപുറമെ 20 ലക്ഷം രൂപകൂടി അടിയന്തരമായി അനുവദിക്കുന്നതാണ്.

(3)ആധുനികവൽക്കരണം

ശ്രീ. എം. നൗഷാദ്: മീറ്റർ നിർമ്മാണരംഗത്ത് മുൻപന്തിയിൽനിന്ന കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിനെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

കാലോചിതമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പ്രവർത്തിക്കാൻ കഴിയാത്തതിന്റെ ഫലമായി മീറ്ററിന് മാർക്കറ്റ് നഷ്ടപ്പെടുകയും ഗുണനിലവാരം കുറവാണെന്ന കാരണത്താൽ കെ.എസ്.ഇ.ബി. മീറ്റർ വാങ്ങാത്ത സാഹചര്യവുമാണുണ്ടായത്. കേന്ദ്രസർക്കാർ സ്ഥാപനമായ സി.പി.ആർ.ഐ. (Central Power Research Institute) നടത്തിയ പരിശോധനയിൽ ഈ സ്ഥാപനത്തിന് പ്രതിദിനം ഗുണനിലവാരമുള്ള രണ്ടായിരം മീറ്റർ ഉൽപ്പാദിപ്പിക്കാനുള്ള ശേഷിയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഓപ്പൺ മാർക്കറ്റിൽ പ്രചരണം ശക്തിപ്പെടുത്തിയും കാലോചിതമായ മാറ്റങ്ങൾ വരുത്തി ഗുണനിലവാരം ഉറപ്പുവരുത്തിയും പ്രസ്തുത കമ്പനിയെ സജീവമായി പ്രവർത്തിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ഇ.ബി. മീറ്റർ വാങ്ങുന്ന കാര്യം സംബന്ധിച്ച് വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാനും കമ്പനിയെ ആധുനികവൽക്കരിക്കാനും നടപടി സ്വീകരിക്കുന്നതാണ്.

## (4) ചെക്ക്പോസ്റ്റ് നിർമ്മാണം

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: മഞ്ചേശ്വരം വാണിജ്യ നികുതി വകുപ്പ് ഏറ്റെടുത്ത സ്ഥലത്ത് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പുതിയ ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിന് നടപടി

സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): മഞ്ചേശ്വരത്ത് പുതിയ ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിനായി അക്വയർ ചെയ്ത സ്ഥലത്തേയ്ക്ക് നിലവിലെ ചെക്ക്പോസ്റ്റ് എത്രയും പെട്ടെന്ന് മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആധുനിക ഉപകരണ സജ്ജീകരണങ്ങളോടുകൂടിയ സംയോജിത ചെക്ക്പോസ്റ്റ് നിർമ്മാണത്തിന്റെ നോഡൽ ഏജൻസി വാണിജ്യ നികുതി വകുപ്പായിരിക്കും.

(5) ജില്ലാ ആശുപത്രിയിൽ സൗകര്യങ്ങൾ ഒരുക്കൽ

ശ്രീ. സി. ദിവാകരൻ: നെടുമങ്ങാട് സർക്കാർ ജില്ലാ ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും മതിയായ സൗകര്യങ്ങളൊരുക്കുന്നതിനും ആരോഗ്യ മേഖലയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ആരോഗ്യ മേഖലയിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതാണ്. എല്ലാ സർക്കാർ ആശുപത്രികളിലും സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാരെ നിയമിക്കുന്നതിനും ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള ആശുപത്രികളാക്കി മാറ്റുന്നതിനും ഡീറ്റെയിൽഡ്

പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡി.എം.ഒ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) സ്റ്റാഫും തസ്തികയും അനുവദിക്കൽ

ശ്രീ. കെ. വി. വിജയദാസ്: കോങ്ങാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും കിടത്തി ചികിത്സ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോങ്ങാട് സി.എച്ച്.സി.യിൽ മതിയായ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. അവിടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സ്റ്റാഫിനെ നിയമിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(7)കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

ശ്രീ. കെ. ജെ. മാക്സി: കുമ്പളങ്ങി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സർക്കാർ അനുവദിച്ച സ്റ്റാഫ് പാറ്റേൺ നടപ്പാക്കുന്നതിനും മതിയായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കുമ്പളങ്ങി സി.എച്ച്.സി.യിൽ സ്റ്റാഫ് പാറ്റേൺ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

എൻ.എച്ച്.എം.വഴി പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ അടക്കമുള്ള സാധാരണക്കാർ ചികിത്സ തേടിയെത്തുന്ന ആശുപത്രിയെന്ന നിലയ്ക്ക് സ്റ്റാഫ് പാറ്റേൺ നടപ്പാക്കുന്നതിനും നിലവിലുള്ള സി.എച്ച്.സി.യുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (8) റോഡ് പുനരുദ്ധാരണം

ശ്രീ. ഡി. കെ. മുരളി: വാമനപുരം-ചിറ്റാർ റോഡിന്റെ നവീകരണത്തിനാവശ്യമായ മുഴുവൻ തുകയും അനുവദിച്ച് എത്രയുംവേഗം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): വാമനപുരം -ചിറ്റാർ റോഡ് പുനർനിർമ്മിക്കുന്നതിന് 18.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഒന്നാംഘട്ട പ്രവൃത്തിക്കായി ഏഴ് കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണ്.

## (9) പുതിയ പാലം

ശ്രീ. കെ. എസ്. ശബരീനാഥൻ: അരുവിക്കരയിൽ കരമന നദിക്ക് കുറുകെയുള്ള ഇടുങ്ങിയ പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിന്

ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): അരുവിക്കരയിൽ കരമന നദിക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള നിലവിലെ പാലം വാട്ടർ അതോറിറ്റിയുടെ അധികാരപരിധിയിലും പാലത്തിന് ഇരുവശവുമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലും ആയതിനാൽ സാധ്യതാപഠനം നടത്തി പ്രസ്തുത പാലത്തിന് സമാന്തരമായി പുതിയൊരു പാലം നിർമ്മിച്ച് ഗതാഗത പ്രതിസന്ധിക്ക് പരിഹാരം കാണുന്നതാണ്.

(10) പാലം പുതുക്കിപ്പണി

ശ്രീ. അനിൽ അക്കര: തൃശ്ശൂർ-കുന്നംകുളം സംസ്ഥാന പാതയിൽ പൂർണ്ണമായി തകർന്ന പുഴയ്ക്കൽ പാലത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച പുഴയ്ക്കൽ പാലം 24-6-16-ന് തകർന്നതിനെത്തുടർന്ന് പൊതുമരാമത്ത് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും വെട്ടുകല്ലിൽ നിർമ്മിച്ച തൂണുകൾ ദ്രവിച്ചതിനാൽ പൊതുജനങ്ങൾക്ക് മാർഗ്ഗതടസ്സം ഉണ്ടാകുന്നതായും ഇരുമ്പ് ഗർഡറുകൾ നീരൊഴുക്കിന് തടസ്സമാകുന്നതായും കണ്ടെത്തുകയുണ്ടായി. പഴയ പാലത്തിന്റെ അലൈൻമെന്റിൽ പുതിയ പാലം

നിർമ്മിക്കുന്നതിനുള്ള സർവ്വേ വർക്കുകളും ഇൻവെസ്റ്റിഗേഷൻ വർക്കുകളും നടന്നുവരികയാണ്. നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാനും യാത്രക്കാരും വളർത്തുമൃഗങ്ങളും അപകടത്തിൽപ്പെടാതിരിക്കാനുമായി തകർന്നുവീണ പാലത്തിന്റെ ഇരുവശവും അടച്ചുകെട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(11) പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം

ശ്രീ. എൽദോസ് കുന്നപ്പിള്ളി: പെരുമ്പാവൂരിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി ബൈപ്പാസ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുള്ള പെരുമ്പാവൂർ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭൂമിയേറ്റെടുക്കലിനുള്ള ഭരണാനുമതിയുടെ കാലാവധി 2017 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലെ പുതുക്കിയ പ്രാദേശിക നിരക്കായ 27.4 കോടി രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക്

ഭരണാനുമതിയുടെ കാര്യം പരിഗണിക്കുന്നതാണ്.

**മേശപ്പുറത്തു വച്ച കടലാസ്സുകൾ:**

കാര്യവിവരപ്പട്ടികയിലെ 3(1), (2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ക്രമപ്രശ്നം**

(1) സഭാതലത്തിൽ നൽകിയ ഉറപ്പുകളിന്മേലുള്ള നടപടിയും നിയമസഭാ ചോദ്യങ്ങളിന്മേലുള്ള മറുപടിയും യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ : നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 258 -ാം വകുപ്പുപ്രകാരം അതതു സമയം സഭാതലത്തിൽ വച്ച് മന്ത്രിമാർ നൽകുന്ന ഉറപ്പുകൾ, വാഗ്ദാനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും അവ എത്രത്തോളം പ്രാവർത്തികമാക്കിയെന്ന് മോണിറ്റർ ചെയ്യുന്നതിനുമായി നിയോഗിച്ചിട്ടുള്ള ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ കാലാകാലങ്ങളിൽ മാറി വരുന്ന സർക്കാരുകൾ സഭയ്ക്ക് ഉറപ്പുകളും വാഗ്ദാനങ്ങളും നൽകുന്നതല്ലാതെ ഇവ ചട്ടങ്ങളിൽ പ്രതിപാദിക്കുംവിധം പാലിക്കപ്പെടുന്നില്ലെന്നും അഥവാ പാലിക്കപ്പെട്ടാൽത്തന്നെയും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി സമിതിയെയോ സഭയെയോ അറിയിക്കുന്നില്ലെന്നുള്ളതുമാണ് യാഥാർത്ഥ്യം. വിവിധ നിയമസഭയുടെ

കാലയളവുകളിലായി മൂവായിരത്തിലധികം ഉറപ്പുകൾ പാലിക്കപ്പെടേണ്ടതുണ്ട്. സഭയിൽ വരുന്ന ഉറപ്പുകൾ പാലിക്കപ്പെടാതെ പോകുന്നത് സഭയോടും ജനങ്ങളോടുമുള്ള പ്രതിബദ്ധയില്ലായ്മയാണ് സൂചിപ്പിക്കുന്നത്. സഭാതലത്തിൽ സർക്കാർ ഉറപ്പുനൽകുന്ന വിഷയം രണ്ട് മാസത്തിനകം തീർപ്പുകൽപ്പിച്ച് സമിതിയെ അറിയിക്കണമെന്നാണ് ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ആഭ്യന്തര പ്രവർത്തനങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ അനുശാസിക്കുന്നത്. എന്നാൽ നിലവിലെ ചട്ടങ്ങൾ പാലിക്കാതെ സഭയോടും സമിതിയോടും ജനങ്ങളോടും എക്സിക്യൂട്ടീവ് കാണിക്കുന്ന അനാദരവ് വളരെ ഗൗരവമായി കാണണം. കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 47-ാം വകുപ്പുപ്രകാരം മന്ത്രിമാർ സഭയിൽ നൽകാനുദ്ദേശിക്കുന്ന മറുപടികൾ ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന ദിവസത്തിന്റെ തൊട്ടുമുമ്പത്തെ ദിവസം വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി സെക്രട്ടറിക്ക് കൈമാറണമെന്നും കൂടാതെ 42-ാം ഉപവകുപ്പുപ്രകാരം ചോദ്യത്തിനുള്ള മറുപടി കൃത്യസമയത്തിനകം നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 6-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം പന്ത്രണ്ടാം കേരള നിയമസഭയുടെ 46 ചോദ്യങ്ങൾക്കും 19-ാം നമ്പർ ബുള്ളറ്റിൻപ്രകാരം നടപ്പുസമ്മേളനത്തിലെ 131 ചോദ്യങ്ങൾക്കും ഇതുവരെ മറുപടി

നൽകിയിട്ടില്ല. 2005-ലെ വിവരാവകാശ നിയമപ്രകാരം ഏതൊരു പൗരനും മുപ്പത് ദിവസത്തിനകം മറുപടി നൽകണമെന്നും മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ നിയമസഭാംഗം ഉന്നയിക്കുന്ന ചോദ്യത്തിന് കൃത്യമായി മറുപടി നൽകാതിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപവും സഭയോടുള്ള അനാദരവുമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2499 ഉറപ്പുകളിൻമേലും 9 മുതൽ 13 വരെയുള്ള നിയമസഭകളിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും നടപടികൾ പൂർത്തീകരിക്കാനുണ്ട്. നിയമസഭയിൽ നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി അഷ്വറൻസ് കമ്മിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തണം. ചോദ്യത്തിന് മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച് 10 വർഷത്തിനിടയിൽ 8 റൂളിംഗുകൾ ബഹുമാനപ്പെട്ട സ്പീക്കർമാർ നൽകിയിട്ടുണ്ട്. ചോദ്യോത്തരവുമായി ബന്ധപ്പെട്ട് യഥാസമയം മറുപടി ലഭ്യമാക്കുന്നതിന് കർശന നിലപാടുകൾ സ്വീകരിക്കണമെന്ന് ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകണം.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> ചട്ടം 303 പ്രകാരം ഉന്നയിക്കപ്പെട്ട രണ്ടു വിഷയങ്ങളും ഏറെ ഗൗരവം അർഹിക്കുന്നവ തന്നെയാണ്. സഭാതലത്തിൽ സർക്കാർ നൽകിയ ഉറപ്പുകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ലെന്നും ഉറപ്പുകൾ സംബന്ധിച്ച സമിതി പരിഗണിച്ച് സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നില്ലെന്നുമുള്ള കാര്യം വിശദമായി പരിശോധിച്ചതിൽ പതിമൂന്നാം കേരള നിയമസഭയിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ കാര്യക്ഷമമായ പ്രവർത്തന ഫലമായി പത്താം കേരള നിയമസഭ വരെയുള്ള ഉറപ്പുകൾ സംബന്ധിച്ച് എല്ലാ നടപടികളും പൂർത്തീകരിക്കപ്പെടുകയുണ്ടായി എന്നും പതിനൊന്നാം കേരള നിയമസഭയുടെ കാലത്തെ 201 ഉറപ്പുകളിലും പന്ത്രണ്ടാം കേരള നിയമസഭയുടെ കാലത്തെ 1078 ഉറപ്പുകളിലും പതിമൂന്നാം കേരള നിയമസഭയുടെ കാലത്തെ 1220 ഉറപ്പുകളിലുമായി ആകെ 2499 ഉറപ്പുകളിന്മേൽ സർക്കാർ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും 9, 10, 11, 12, 13 നിയമസഭകളിലെ ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ നടപടികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ടെന്നും ചെയർ മനസ്സിലാക്കുന്നു. സഭാതലത്തിൽ സർക്കാർ നൽകുന്ന ഉറപ്പുകളിന്മേലും ഉറപ്പുകൾ സംബന്ധിച്ച സമിതി നൽകുന്ന ശിപാർശകളിന്മേലും സർക്കാർ വകുപ്പുകൾ

യഥാസമയം നടപടി സ്വീകരിക്കാതിരിക്കുന്നപക്ഷം ആയതിന്മേൽ കർക്കശമായ നടപടികൾ സ്വീകരിക്കുവാനുള്ള എല്ലാ അധികാരങ്ങളും ചട്ടപ്രകാരം പ്രസ്തുത സമിതിക്കുണ്ട്.

ഈ നിയമസഭയിൽ രൂപീകരിക്കാനിരിക്കുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നും ഈ സഭയിൽ ഉണ്ടാകാവുന്ന ഉറപ്പുകൾ സംബന്ധിച്ചും മുൻ സഭകളിലെ പൂർത്തീകരിക്കാത്ത ഉറപ്പുകൾ സംബന്ധിച്ചുമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ കൈക്കൊള്ളണമെന്നും സർക്കാരിന്റെ വിവിധ വകുപ്പുകൾ സമിതിയുടെ പ്രവർത്തനവുമായി സഹകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ ഉത്തരം ലഭ്യമാകുന്നില്ലെന്ന വിഷയം പരിശോധിച്ചപ്പോൾ ഇതുസംബന്ധിച്ച് കഴിഞ്ഞ പത്തുവർഷത്തിനിടയിൽ എട്ട് റൂളിംഗുകൾ മുൻ സ്പീക്കർമാർ നൽകിയിട്ടുള്ളതായാണ് കാണുന്നത്. അപ്രകാരം കർശനമായ നിർദ്ദേശം ചെയറിൽനിന്നും നൽകിയിട്ടും ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ തുടർന്നും ഉദാസീനത കാണിക്കുന്നുവെന്നുള്ളത് ഒട്ടും ആശാസ്യകരമല്ല.

നിയമസഭാ സെക്രട്ടേറിയറ്റിലെ രേഖകൾ പ്രകാരം പന്ത്രണ്ടാം കേരള നിയമസഭയുടെ 46 ചോദ്യങ്ങൾക്കും പതിമൂന്നാം കേരള നിയമസഭയുടെ 673

ചോദ്യങ്ങൾക്കും പതിനാലാം കേരള നിയമസഭയിൽ ഇന്നലെവരെയുള്ള 157 ചോദ്യങ്ങൾക്കും പൂർണ്ണമായോ ഭാഗികമായോ മറുപടി ലഭ്യമാകാനുണ്ട്. ഇത്തരം പ്രവണതകൾ ഇനിയും തുടർന്നുപോകുന്നതിനോട് ചെയറിന് യോജിപ്പില്ല. നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്തുതന്നെ മറുപടി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട മന്ത്രിമാർ പരിശ്രമിക്കേണ്ടതാണ്. ചട്ടപ്രകാരം മുൻകൂർ നോട്ടീസ് നൽകി ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് യഥാസമയം പൂർണ്ണമായ മറുപടി ലഭിക്കുക എന്ന ന്യായമായ അവകാശം നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.

(2) 12.07.2016 -ലെ ശ്രീ. എം. സ്വരാജിന്റെ ബൈബിൾ പരാമർശം സംബന്ധിച്ച്

ശ്രീ. വി.ഡി. സതീശൻ : 12.07.2016-ലെ ബഡ്ജറ്റ് ചർച്ചയിൽ ശ്രീ. എം. സ്വരാജ് ബൈബിളിൽ നിന്ന് വിശുദ്ധ മത്തായിയുടെ സുവിശേഷം 7-ാം അദ്ധ്യായം 6-ാം വാക്യം വായിച്ചാൽ സഭയിൽ പ്രകോപനമുണ്ടാകുമെന്നും പ്രസ്തുത വാക്യം വായിക്കണമെന്നും പറയുകയുണ്ടായി. പ്രതിപക്ഷാംഗങ്ങളെ സംബന്ധിച്ച് വളരെ അപമാനകരമായ പ്രസ്തുത പരാമർശത്തിലെ ബൈബിൾ വാക്യം ഇന്ന് എല്ലാ പത്രങ്ങളിലും അച്ചടിച്ചുവന്നിരിക്കുകയാണ്. ഇത്തരം അപകീർത്തികരമായ പരാമർശങ്ങളിൽനിന്നും ഞങ്ങൾക്ക് സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്വം

ബഹുമാനപ്പെട്ട ചെയറിനുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. പ്രതിപക്ഷത്തെ അവഹേളിക്കുന്ന പരാമർശങ്ങൾ രേഖയിൽ ഉണ്ടാകാൻ പാടില്ല. അങ്ങ് ഇക്കാര്യം പരിശോധിക്കണം.

മി.സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നം പരിശോധിച്ച് റൂളിംഗ് നൽകുന്നതാണ്.

മുഖ്യമന്ത്രി(ശ്രീ. പിണറായി വിജയൻ): പ്രതിപക്ഷാംഗങ്ങളെ അപമാനിക്കുന്ന തരത്തിലുള്ള പരാമർശം ഭരണപക്ഷം ഉദ്ദേശിക്കുന്നൊരു കാര്യം അല്ലാത്തതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അത് പരിശോധിച്ച് ആവശ്യമായ റൂളിംഗ് നൽകുന്നത് ഉചിതമായിരിക്കും.

## VI ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. വി.എസ്. അച്യുതാനന്ദൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തകർത്തെറിഞ്ഞ സംസ്ഥാനത്തിന്റെ സാമ്പത്തിക നില പുനരുദ്ധരിക്കാനുള്ള ഒരു ചുവടുവയ്പ്പാണിത്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തിന്റെ പൊതുകടം സംസ്ഥാന രൂപീകരണത്തിനുശേഷമുണ്ടായ

കടത്തിന് തുല്യമായി മാറിയിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ യാഥാർത്ഥ്യമാക്കുന്ന, കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സാമ്പത്തിക-സാമൂഹിക ജീവിതം പുരോഗതിയിലേയ്ക്ക് നയിക്കുന്ന നിർദ്ദേശങ്ങളും മാർഗ്ഗരേഖയുമടങ്ങുന്ന ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുകയെന്ന കർത്തവ്യം നിറവേറ്റുന്നതിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് വിജയിച്ചോയെന്ന് ആത്മപരിശോധന നടത്തണം. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമവും പുരോഗതിയുമാണ് ഈ ബഡ്ജറ്റിലൂടെ വിഭാവനം ചെയ്യുന്നത്. ക്ഷേമപെൻഷനുകൾ ആയിരം രൂപയാക്കി വർദ്ധിപ്പിച്ചതും എട്ടാം ക്ലാസ് വരെയുള്ള കുട്ടികളുടെ പഠനവും യൂണിഫോമും സൗജന്യമാക്കിയതും എൽ.ഡി.എഫ്. സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. കാരുണ്യ പദ്ധതി ജനങ്ങളുടെ അവകാശമാക്കി മാറ്റുന്നതിനും അഞ്ച് വർഷം കൊണ്ട് കേരളത്തിന്റെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുന്നതിനും ആശ്രയ പദ്ധതി വിപുലീകരിക്കുന്നതിനും മാരക രോഗങ്ങൾക്ക് സൗജന്യ ചികിത്സാ സഹായം നൽകുന്നതിനും ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കുന്നതിനും സ്ത്രീക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനും മുൻകയ്യെടുത്ത ഗവൺമെന്റിന്റെ നിലപാട് ശ്ലാഘനീയമാണ്. സാമൂഹിക ജീവിതത്തിലെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന

പുരോഗമനപരമായ കർമ്മ പദ്ധതികളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അടുത്ത അഞ്ച് വർഷത്തേയ്ക്ക് വെള്ളക്കരം വർദ്ധിപ്പിക്കില്ലെന്ന ഗവൺമെന്റിന്റെ നിലപാട് സ്വാഗതാർഹമാണ്.

ശ്രീ. എം. വിൻസെന്റ്: ബഡ്ജറ്റിനെ എതിർക്കുന്നു. യുക്തിഭദ്രതയും യാഥാർത്ഥ്യബോധവുമില്ലാത്ത ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളം സമ്പൂർണ്ണ സാമ്പത്തിക തകർച്ചയിലാണെന്ന് പറയുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിനു പുറത്തുനിന്ന് എങ്ങനെ നിക്ഷേപസമാഹരണം നടത്തുമെന്നും പദ്ധതികൾ നടപ്പിലാക്കുമെന്നും വ്യക്തമാക്കണം. എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞകാലങ്ങളിൽ അവതരിപ്പിച്ച സ്വപ്നബഡ്ജറ്റുകളുടെ ദുരവസ്ഥ തന്നെയാണ് ഈ ബഡ്ജറ്റിനുമെന്ന കാര്യത്തിൽ സംശയമില്ല. കൈത്തറി മേഖലയ്ക്ക് രണ്ട് ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുന്നത് പിൻവലിക്കണം.

ശ്രീമതി ഗീതാ ഗോപി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയാകെ തകർത്ത ഒരു ഗവൺമെന്റാണ് കഴിഞ്ഞ അഞ്ച് വർഷം ഇവിടെ ഭരിച്ചതെന്ന വസ്തുത വിസ്മരിക്കരുത്. ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ ആളുകൾക്കും ഭൂമിയും വീടും നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ മാറ്റം വരുത്തുന്ന, ദാരിദ്ര്യനിർമ്മാർജ്ജനത്തിന് മറ്റ്

സംസ്ഥാനങ്ങൾക്ക് മാതൃകയാകത്തക്ക വിധത്തിലുള്ള നയസമീപനങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കാർഷിക-കുടിവെള്ള മേഖലകളിലും സ്ത്രീശാക്തീകരണത്തിനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയും കുഞ്ഞുണ്ണി മാഷിന് സ്മാരകം നിർമ്മിക്കാൻ ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുകയും ചെയ്ത നടപടി ശ്ലാഘനീയമാണ്. മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താനും നാട്ടിക നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനും തൃപ്രയാർ പാലത്തിന്റെ അപകടാവസ്ഥ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: ബഡ്ജറ്റിനെ എതിർക്കുന്നു. ഈ ബഡ്ജറ്റ് ആദ്യാന്ത്യം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെക്കുറിച്ച് ഭീതിപരത്തുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്. പല പുതിയ നികുതി നിർദ്ദേശങ്ങളും അടിസ്ഥാന വർഗ്ഗത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായതുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്കയച്ച് ഭേദഗതി വരുത്തി ജനോപകാരപ്രദമാക്കണം. ഈ ഗവൺമെന്റിന്റെ നയരേഖയിൽ സൂചിപ്പിച്ചിരിക്കുന്ന മെട്രോ റെയിലും ജലവിതരണവും കഴിഞ്ഞ ഗവൺമെന്റിന്റെ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറിന്റെ മികവാണ് തെളിയിക്കുന്നത്.

ശ്രീ. തോമസ് ചാണ്ടി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 5 വർഷത്തിനുള്ളിൽ എല്ലാവർക്കും വീട്, ടോയ്‌ലറ്റ്, സർക്കാർ സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തൽ, ആലപ്പുഴയിലെ മൊബിലിറ്റി ഹബ്ബിന് അംഗീകാരം

തുടങ്ങിയ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. കൈനകരി മുട്ടേപ്പാലത്തിന്റെ നിർമ്മാണം, നെല്ലിന്റെ താങ്ങുവില 25 രൂപയാക്കൽ, നെൽകൃഷിക്കാർക്ക് 11 രൂപ വീതം സബ്സിഡി നൽകൽ, സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 10 കോടി രൂപ അനുവദിക്കൽ എന്നിവ കൂടി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. ഒ. ആർ. കേളു: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അദ്ധ്വാനിക്കുന്നവർക്കും കഷ്ടപ്പെടുന്നവർക്കും മുൻഗണന നൽകുന്ന ബഡ്ജറ്റാണിത്. എല്ലാവർക്കും ഭൂമിയും വീടും പദ്ധതി, റേഷൻ കടകൾ മാവേലി/നീതി/ത്രിവേണി മാർക്കറ്റുകൾ ശക്തിപ്പെടുത്തൽ, കാർഷിക മേഖലയ്ക്കും വിവിധ ക്ഷേമ പദ്ധതികൾക്കും മുൻഗണന നൽകൽ, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകൽ തുടങ്ങിയവ സ്വാഗതാർഹമാണ്. ആദിവാസി മേഖലയുടെ വികസനത്തിനായി 2.61 ശതമാനം ഫണ്ട് വകയിരുത്തിയതും പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും നവീകരണത്തിന് തുക അനുവദിച്ചതും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 25 ശതമാനം വർദ്ധിപ്പിച്ചതും വയനാട്ടിലെ പ്രൈമറി ക്ലാസുകളുള്ള 241 സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ആദിവാസി സ്ത്രീയെ നിയോഗിക്കുന്നതിന് 4

കോടി രൂപ അനുവദിച്ചതും ശ്ലാഘനീയമാണ്. എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസി കുടുംബങ്ങളെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിനുള്ള മൈക്രോ പ്ലാനായ പി. കെ. കാളൻ കുടുംബ പദ്ധതിക്കായി തുക നീക്കിവച്ചത് അഭിനന്ദനാർഹമാണ്. ആദിവാസികളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എത്രയുംവേഗം നടപ്പിലാക്കണം. വയനാടിനെ പ്രത്യേക മേഖലയായി കണക്കാക്കി ധാരാളം പദ്ധതികൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. വയനാട്ടിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മെഡിക്കൽ കോളേജ് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം. ജില്ലയിൽ വ്യാപകമായി കണ്ടുവരുന്ന സിക്കിൾ സെൽ അനീമിയ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തണം.

<u>ശ്രീ. പി. ജെ. ജോസഫ്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ നേട്ടങ്ങളെ തമസ്കരിക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യവികസനത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞ ഗവൺമെന്റിന് സാധിച്ചു. കാർഷിക മേഖലയിലെ തളർച്ചമൂലം സംസ്ഥാന ഗവൺമെന്റിന്റെ വരുമാനം കുറയാനിടയായി. റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി ഒരു കിലോഗ്രാം റബ്ബറിന്റെ വില 200 രൂപയാക്കി ഉയർത്തണം. നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 25 രൂപയായും

നാളികേരത്തിന്റെ സംഭരണ വില കിലോഗ്രാമിന് 30 രൂപയായും വർദ്ധിപ്പിക്കണം. കാർഷിക മേഖലയെ ഉദ്ധരിക്കുന്നതിനും ജൈവകൃഷി വ്യാപകമാക്കുന്നതിനും നടപടി സ്വീകരിക്കണം. ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തണം. നിയമന നിരോധനം ഒഴിവാക്കണം. ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം മുൻകാലങ്ങളിലേതുപോലെ തുടരാൻ അനുവദിക്കണം. വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ മാറ്റൽ പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തണം. പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ സർക്കാരെടുത്ത സമീപനം മറ്റു മെഡിക്കൽ കോളേജുകളുടെ കാര്യത്തിലും തുടരണം. മാലിന്യ നിർമ്മാർജ്ജനത്തിന് ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. എൽദോ എബ്രഹാം : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് ആശ്വാസവും പ്രതീക്ഷയും കരുത്തും പകരുന്ന ബഡ്ജറ്റാണിത്. അഞ്ചുവർഷത്തേയ്ക്ക് വെള്ളക്കരം വർദ്ധിപ്പിക്കുകയില്ലെന്നും ആദിവാസികൾക്ക് ഒരേക്കറിൽ കുറയാതെ ഭൂമി നൽകുമെന്നും വീടില്ലാത്തവർക്ക് വീട് നൽകുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുമെന്നും കുടിവെള്ളക്ഷാമത്തിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുമെന്നും അടിസ്ഥാന സൗകര്യവികസനത്തിന് ഊന്നൽ നൽകുമെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂൾ വീതം

അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് 1000 കോടി രൂപ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് സമഗ്രമായ പദ്ധതികളും വിലക്കയറ്റം തടഞ്ഞുനിർത്താനുള്ള പദ്ധതികളും വനമേഖലയുടെ സംരക്ഷണത്തിനുള്ള പദ്ധതികളും ഉൾപ്പെടെ ദീർഘ വീക്ഷണത്തോടെ അവതരിപ്പിച്ച ബഡ്ജറ്റാണിത്.

ശ്രീ. ഒ. രാജഗോപാൽ : ബഡ്ജറ്റിൽ വിഭാവന ചെയ്തിരിക്കുന്ന 'കിഫ്ബി' സ്വാഗതാർഹമായ ആശയമാണെങ്കിലും ഇത് അധികാര കേന്ദ്രീകരണത്തിന് വഴിവയ്ക്കുമോയെന്നും പാർട്ടി പരിപാടിയാക്കി മാറ്റുമോയെന്നും ഭയക്കേണ്ടിയിരിക്കുന്നു. സാംസ്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുമ്പോൾ കുഞ്ചൻ നമ്പ്യാരുടെ പേരിലുള്ള സാംസ്കാരിക കേന്ദ്രത്തെ വിസ്മരിക്കരുത്. എറണാകുളത്ത് ക്യാൻസർ ചികിത്സയ്ക്ക് ആശുപത്രി ആരംഭിക്കണമെന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ ആശയം സഫലീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. വികസന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സഹായവും സംസ്ഥാന സർക്കാരിനുണ്ടാകും. ജില്ലകൾതോറും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുമ്പോൾ തിരുവനന്തപുരം ജില്ലയിലെ കവടിയാറിൽ ഹാബിറ്റാറ്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഇതിനായി പ്രയോജനപ്പെടുത്താൻ കഴിയണം.

<u>ശ്രീ. സി. കൃഷ്ണൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കൈത്തറി മേഖലയ്ക്കും ഖാദി-ഗ്രാമ വ്യവസായത്തിനും അധികത്തുക അനുവദിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. മൂല്യവർദ്ധിത നികുതിയിൽ നിന്നും ഖാദി-കൈത്തറി വസ്ത്രങ്ങളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. മുൻ സർക്കാർ ഏർപ്പെടുത്തിയ പ്രത്യേക നികുതി പിൻവലിച്ച് ബീഡി വ്യവസായത്തെ സംരക്ഷിക്കണം. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിനും പയ്യന്നൂർ താലൂക്ക് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സൗജന്യ റേഷൻ നൽകുന്നതിനും തുക വകയിരുത്തിയ നടപടി അഭിനന്ദനാർഹമാണ്. ഭൂരഹിതർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും നൽകുമെന്നും അഞ്ചുവർഷത്തേയ്ക്ക് വെള്ളക്കരം വർദ്ധിപ്പിക്കുകയില്ലെന്നുമുള്ള പ്രഖ്യാപനം ശ്രദ്ധേയമാണ്.

<u>ശ്രീ. പി. ഉബൈദുള്ള:</u> ബഡ്ജറ്റിനെ എതിർക്കുന്നു. വികസന കാഴ്ചപ്പാട് ഇല്ലാത്ത ഒരു ബഡ്ജറ്റാണിത്. വില വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞ സർക്കാർ വികസനരംഗത്ത് കൈവരിച്ച നേട്ടങ്ങൾ തകർക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. വെളിച്ചെണ്ണയ്ക്ക് നികുതി ഏർപ്പെടുത്തിയ നടപടി കേരകർഷകരെ

പ്രതിസന്ധിയിലാക്കും. കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുകൈമാറ്റത്തിന് ഉണ്ടായിരുന്ന ഇളവുകൾ എടുത്തുകളഞ്ഞത് സാധാരണക്കാരെ ബാധിക്കും. മദ്യത്തിന് നികുതി വർദ്ധിപ്പിക്കാത്ത നടപടി ദുരൂഹമാണ്. എം.എൽ.എ.ഫണ്ടും ആസ്തി വികസന ഫണ്ടും വർദ്ധിപ്പിക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിന് ഈ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ പാഴ്വാക്കുകളാകുന്ന അനുഭവമാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. യു.ഡി.എഫ് ഗവൺമെന്റ് ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് അനുമതി നൽകിയതുമൂലം മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലാണ്. മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നിലവിലുള്ള CRZ നിയമത്തിൽ ഉചിതമായ മാറ്റം വരുത്തണം. വികസനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണവും അനിവാര്യമാണ്. പ്രവാസികളുടെ ക്ഷേമപദ്ധതി നവീകരിക്കുന്നതിനായി നിയമത്തിൽ മാറ്റം വരുത്തണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : ബഡ്ജറ്റിനെ എതിർക്കുന്നു. വികസനത്തിനുള്ള പണം ഉൾപ്പെടുത്താതെ മൂലധനച്ചെലവ് കണ്ടെത്തുമെന്ന്

പറയുന്ന സമീപനം അപ്രായോഗികമാണ്. വികസനവും കരുതലും എന്ന ലക്ഷ്യത്തോടുകൂടി കാരുണ്യപദ്ധതിയിലൂടെ യു.ഡി.എഫ്. ഗവൺമെന്റ് 1200 കോടി രൂപ ചെലവാക്കുകയും 37.82 ലക്ഷം പേർക്ക് ക്ഷേമ പെൻഷനുകൾ അനുവദിക്കുകയും എല്ലാ ബി.പി.എൽ. കാർഡ് ഉടമകൾക്കും അരി സൗജന്യമായി നൽകുകയും ചെയ്തു. യു.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ എല്ലാ നല്ല പദ്ധതികളെയും തമസ്കരിച്ചുകൊണ്ട് കേരളത്തിൽ ഒന്നും ചെയ്തിട്ടില്ലെന്നു പറയുന്നത് ഖേദകരമാണ്. വെളിച്ചെണ്ണയുടെ നികുതി വർദ്ധിപ്പിച്ച നടപടിയും ഭാഗാധാരത്തിന് നികുതി ചുമത്തിയ തീരുമാനവും പുന:പരിശോധിക്കണം. കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി കൂടുതൽ തുക മാറ്റിവയ്ക്കാനും ട്രക്കുകൾക്കും വാഹനങ്ങൾക്കും ഏർപ്പെടുത്തിയിരിക്കുന്ന അധിക നികുതി പിൻവലിക്കാനും നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ആർ.ബി.ഐ.യും സെബിയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങളായ ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്സ്, ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ച്ചർ ഡെബ്റ്റ് ഫണ്ട് എന്നിവ വഴി ബോണ്ട് ഇറക്കി പണം സമാഹരിക്കാനാണുദ്ദേശിക്കുന്നത്. ക്യാപ്പിറ്റൽ ലിമിറ്റഡ് നടത്തിയ പഠനത്തിന്റെ

ഫലമായാണ് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം കൊണ്ടുവന്നത്. കിഫ്ബി വഴി ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം സർക്കാർ ഗ്യാരണ്ടിയോടെ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ഈ പണം അനാമത്ത് ചെലവുകൾക്ക് പോകാതെ നിയമംമൂലം തിരിച്ചടവ് ഉറപ്പുവരുത്തുവാനുള്ള സംവിധാനം കൊണ്ടുവരും. രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽക്കൂടി ക്യാപിറ്റൽ എക്സ്പെൻറീച്ചർ വർദ്ധിപ്പിക്കുകയും പൊതുനിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസമേഖലയെയും ആരോഗ്യമേഖലയെയും ശക്തിപ്പെടുത്തുന്നതിന് മുൻഗണന നൽകുകയും ചെയ്യും. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കും. കയർ, കശുവണ്ടി, കൈത്തറി ഉത്പന്നങ്ങൾ സർക്കാർ ഏറ്റെടുത്ത് വിറ്റ് ആ മേഖലയിലുള്ളവരെ സംരക്ഷിക്കും. നിയമന നിരോധനം ഏർപ്പെടുത്തുകയില്ലെന്നു മാത്രമല്ല നോംസ് അനുസരിച്ച് ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ആവശ്യമായ തസ്തികകളും സൃഷ്ടിക്കും. നിലവിൽ ആയിരം രൂപയിൽ കൂടുതൽ ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്ക് അത് തുടർന്നും ലഭിക്കും. പ്രവാസികളുടെ പുനരധിവാസത്തിന് ബന്ധപ്പെട്ട വകുപ്പ് സ്കീം തയ്യാറാക്കുമ്പോൾ ആവശ്യമായ തുക നൽകും. വർഷം മുഴുവൻ കൈത്തറി ഉത്പന്നങ്ങൾക്ക് 5 ശതമാനം റിബേറ്റ് നൽകും. മാർക്കറ്റ് ഇന്റർവെൻഷന് കൂടുതൽ തുക അനുവദിക്കും. പൂട്ടിക്കിടക്കുന്ന പ്ലാന്റേഷനുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കും. പ്ലാന്റേഷൻ മേഖലയിലെ ലയങ്ങളെല്ലാം

ഭവനപദ്ധതിയിലുൾപ്പെടുത്തി പുനർനിർമ്മിച്ച നൽകുകയും ആവശ്യമായി വരുന്ന അധികതുക പഞ്ചായത്തുകൾക്ക് നൽകുന്നതുമാണ്. കക്ക സഹകരണ സംഘങ്ങളിൽ നിന്ന് പിരിക്കുന്ന റോയൽറ്റി തുക അവരുടെ ക്ഷേമത്തിനുതന്നെ വിനിയോഗിക്കുകയും അതിനായി 3 കോടി രൂപ വകയിരുത്തുകയും ചെയ്യും. പീലിംഗ് തൊഴിലാളികളെ മത്സ്യാനുബന്ധ തൊഴിലാളി ക്ഷേമനിധിയിലുൾപ്പെടുത്തുകയും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും. ബഡ്ജറ്റ് പ്രസംഗത്തിൽ വയനാട്ടിലെ പ്രൈമറി സ്കൂളുകളിൽ ആദിവാസി സ്ത്രീയെ നിയമിക്കുമെന്ന് പറഞ്ഞത് ആദിവാസി ടീച്ചറെ നിയമിക്കുമെന്നാക്കുന്നു. 8-12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക്കാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം പുതുക്കാട്, തളിപ്പറമ്പ്, ആലപ്പുഴ, കോഴിക്കോട് നോർത്ത് എന്നിവിടങ്ങളിൽ ആരംഭിക്കും. മാനന്തവാടി സർക്കാർ കോളേജിൽ പി.ജി. കോഴ്സ് ആരംഭിക്കുകയും വയനാട്ടിലെ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന് നബാർഡ് അനുവദിച്ച ഫണ്ട് തീരുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുകയും ചെയ്യും. ബഡ്ജറ്റ് പ്രസംഗത്തിൽ മെഗാഫുഡ് പാർക്കെന്ന് പറഞ്ഞിട്ടുള്ളത് വയനാട്ടിലെ മെഗാഫുഡ് പാർക്കാണ്. കുട്ടനാട്ടിലെ വള്ളംകളി പ്രോത്സാഹിപ്പിക്കുന്നതിന് 2 കോടി രൂപ വകയിരുത്തുന്നു. ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ചയടച്ച് പദ്ധതിലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ തുക ലഭ്യമാക്കും. വഖഫ് ബോർഡിന് 2 കോടി രൂപ ഗ്രാന്റും

അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് ആവശ്യമായ തുകയും ഹജ്ജ് ഹൗസ് നവീകരണത്തിന് ഒരു കോടി രൂപയും അനുവദിക്കുന്നു. മേള്ളിക്കുട്ടൻ അക്കാഡമിക്ക് 50 ലക്ഷം രൂപ അനുവദിക്കും. കൊച്ചി ബിനാലെയ്ക്ക് വകയിരുത്തിയിരിക്കുന്ന 7 കോടി രൂപയ്ക്ക് പുറമേ സ്ഥിരം വേദി നിർമ്മിക്കുന്നതിന് വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കും. എസ്.സി/എസ്.റ്റി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ക്രസ്റ്റിന്റെ കാമ്പസ് കോഴിക്കോട് സൈബർ പാർക്കിൽ സ്ഥാപിക്കുന്നതിന് പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്ന് 15 കോടി രൂപ വകയിരുത്തുന്നു. ഗാന്ധിസേവാസദനം കഥകളി ക്ലാസിക് ആർട്സ് അക്കാഡമിയുടെ വാർഷിക ഗ്രാന്റ് 10 ലക്ഷം രൂപയിൽ നിന്ന് 20 ലക്ഷം രൂപയായി ഉയർത്തുന്നു. തിരുവനന്തപുരം പ്രസ് ക്ലബ്ബിലെ മീഡിയ മാനേജ്മെന്റ് ആന്റ് ജേർണലിസ്റ്റ് ട്രെയിനിംഗ് സെന്ററിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. ആലപ്പുഴയിലെ ദേശീയ ഗെയിംസ് റോവിംഗ് ട്രാക്കിന്റെ സംരക്ഷണത്തിനും ഹോസ്റ്റൽ നിർമ്മാണത്തിനും വേണ്ടി പത്ത് കോടി രൂപയും ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയായി വികസിപ്പിക്കുന്നതിന് 25 കോടി രൂപയും അഖിലേന്ത്യാ സർവ്വീസ് ഓഫീസർമാരുടെ ഫ്ലാറ്റ് സമുച്ചയത്തിന് 15 കോടി രൂപയും ഓരോ പ്രദേശത്തെയും കടൽത്തീര സംരക്ഷണത്തിനായി 50 ലക്ഷം രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വകയിരുത്തുന്നു. ബഡ്ജറ്റിലെ

ഗണ്യമായ പങ്ക് പ്രഖ്യാപനങ്ങൾക്കുള്ള വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റൻസ് ഫണ്ടായി 5 കോടി രൂപ വകയിരുത്തുന്നു. തൃശ്ശൂർ ബ്രഹ്മസ്വം മഠത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയും ശുചിത്വ മിഷന് ശുചിത്വ കാമ്പയിൻ സംഘാടനത്തിനായി 15 കോടി രൂപയും വകയിരുത്തുന്നു. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവരുടെ തുടർ ചികിത്സയ്ക്കായി മരുന്നുകൾ വില കുറച്ച് ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തും. കരൾ-പക്ഷാഘാതം, ബ്രെയിൻ ട്യൂമർ രോഗികൾക്ക് നിലവിലെ പരിധിക്കകത്തുനിന്നുകൊണ്ട് കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്നും സഹായം ലഭ്യമാക്കും. കലാ-സാംസ്കാരിക സംഘങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും കുടിശ്ശിക നൽകുകയും ചെയ്യുന്നതാണ്. നാടാർ-മുസ്ലീം പെൺകുട്ടികളുടെ സ്റ്റൈപന്റിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതാണ്. ഒ.ഇ.സി., എസ്.സി-എസ്.റ്റി. വിഭാഗക്കാരുടെ സ്കോളർഷിപ്പ് കുടിശ്ശിക നൽകുന്നതാണ്. ചേർത്തല കടക്കരപ്പള്ളി ഇട്ടി അച്യുതൻ സ്മാരകം, തിരുവനന്തപുരം എൻ. കൃഷ്ണപിള്ള സ്മാരകം, ചിറയിൻകീഴ് പ്രേംനസീർ സ്മാരകം, എറണാകുളത്തെ ടി.കെ. രാമകൃഷ്ണൻ സ്മാരകം എന്നിവ ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതാണ്. കുന്നംകുളം സി. വി. ശ്രീരാമൻ ട്രസ്റ്റിന് 25 ലക്ഷം രൂപയും വൈകുണ്ഠസ്വാമി അന്തർദ്ദേശീയ പഠന ഗവേഷണ കേന്ദ്രത്തിന്

25 ലക്ഷം രൂപയും സുകുമാർ അഴീക്കോട് ട്രസ്റ്റിന് 50 ലക്ഷം രൂപയും വകയിരുത്തും. വിവിധ ജലസേചന പദ്ധതികൾ, 34 റോഡുകൾ, 9 പാലങ്ങൾ, 6 ബൈപ്പാസ്സുകൾ, 5 ഫ്ലൈ ഓവറുകൾ, 4 റെയിൽവേ ഓവർബ്രിഡ്ജുകൾ, 6 സ്റ്റേഡിയങ്ങൾ, 7 റവന്യൂ ടവറുകൾ എന്നിവയ്ക്ക് പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും തുക വകയിരുത്തുന്നതാണ്. മണ്ഡലാടിസ്ഥാനത്തിൽ 70 കോടി രൂപയുടെ വർക്കുകളാണ് നടപ്പാക്കിയിട്ടുള്ളത്. ഏതെങ്കിലും എം. എൽ. എ. മാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമായിട്ടില്ലെങ്കിൽ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പരിഹരിക്കുന്നതാണ്. മലപ്പുറത്തെ ഫുട്ബോൾ ഹബ്ബ് ആയി വികസിപ്പിക്കും. ബ്രാൻ ഓയിലിന്മേലുള്ള നികുതി ഇളവ് പുന:പരിശോധിക്കും. സഭയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളെല്ലാം സ്വാഗതം ചെയ്യുന്നതോടൊപ്പം അവ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

**പ്രമേയം**

<u>ചട്ടം 236 ( 2) സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്</u>

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): 2016-17 സാമ്പത്തികവർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ വിഷയനിർണ്ണയ സമിതികൾ നടത്തേണ്ട

സൂക്ഷ്മപരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിലെ 236 (2) ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് സഭ തീരുമാനിക്കുന്നു. 236(2) സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന നാലാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാലാണ് പ്രസ്തുത പ്രമേയം അവതരിപ്പിക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(സഭ ഉച്ചയ്ക്കുശേഷം 3.05- ന് പിരിഞ്ഞു)